കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുദാക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
ജില്ലാ ഓഡിറ്റ്, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി . 8 / 1663/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 4.8.2017

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുദാക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്ത് - 2016-2017സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-2017സാമ്പത്തികവർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ
ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി . 8 /1663/17 തീയതി 4.8.2017

<u>തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.06.2016 മുതൽ 10.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.07.17 മുതൽ 20.07.17 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശാലിനി.വി.കെ, | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അരുൺദേവ് വി.ആർ, | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി വിജയകുമാരി.ആർ.എസ് | 01.04.2016മുതൽ 31.03.2017 വരെ | ശിവകൃപ, പാറയടി, പൊയ്കമുക്ക്, പി.ഒ |
| സെക്രട്ടറി | ശ്രീ.ഹരികൃഷ്ണൻ ജി. | 01.04.2016മുതൽ 11.11.2016 AN വരെ | റ്റി.സി-47/3113, മുദ്ര, 69, വാനിയക്ക് ലൈൻ, മുടവൻമുകൾ , പൂജപ്പുര |
| | ശ്രീമതി.ഹാജിറാ ബീവി.റ്റി.എച്ച് (സെക്രട്ടറി ഇൻ ചാർജ്ജ്) | 11.11.2016 FN മുതൽ 15.12.2016 വരെ | റ്റി.സി- 4/2612(6), കെ.എൻ.ആർ.എ-83, കവടിയാർ പി.ഒ, തിരുവനന്തപുരം |

| | | | |
|---|---|---|---|
| | ശ്രീമതി.അരുണ പ്രഭ.എ.ആർ | 16.12.2016 മുതൽ 31.03.2017 വരെ | അരുണോദയം, കുടവൂർ പി.ഒ, വേങ്ങോട് |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി.ജയശ്രീ.കെ.കെ<br>(01.04.2016 മുതൽ 18.08.2016 വരെ) | ഐശ്വര്യ, ചെങ്ങമനാട് പി.ഒ, പൊയ്ക്കാട്ടുശ്ശേരി, ആലുവ |
| | ശ്രീമതി.ഹാജിറാ ബീവി.റ്റി.എച്ച്<br>(25.08.2016 മുതൽ 21.12.2016 വരെ) | റ്റി.സി-4/2612(6), കെ.എൻ.ആർ.എ-83, കവടിയാർ പി.ഒ, തിരുവനന്തപുരം- 3 |
| | ശ്രീ.വിദ്യാധരൻ നായർ<br>(03.01.2017 മുതൽ 31.03.2017 വരെ) | ശ്രീഹരി, മണ്ണയം, മൂന്നാനക്കുഴി പി.ഒ, വെമ്പായം |
| അസി. എഞ്ചിനീയർ | ശ്രീ.ഷംനാദ്.എ<br>(01.04.2016 മുതൽ 31.03.2017 വരെ) | കട്ടയ്ക്കാലിൽ വീട്, പനവൂർ പി.ഒ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അനിൽ ദാസ്.ആർ<br>(01.04.2016 മുതൽ 05.04.2016 വരെ) | ഹൗസ് നം 28, രാജലക്ഷ്മി നഗർ, പട്ടം, തിരുവനന്തപുരം |
| | ഡോ.സരിത.എസ് (ഇൻ ചാർജ്ജ്)<br>(07.04.2016 മുതൽ 31.05.2016 വരെ) | |
| | ഡോ.അശ്വനിരാജ് (ഇൻ ചാർജ്ജ്)<br>(31.05.2016 മുതൽ 17.06.2016 വരെ) | |
| | ഡോ.ഷാഹിൻ.എ (ഇൻ ചാർജ്ജ്)<br>(18.06.2016 മുതൽ 02.07.2016 വരെ) | |
| | ഡോ.ലക്ഷ്മി.ജി.ജി<br>(02.07.2016 മുതൽ 31.03.2017 വരെ) | ശ്രീലക്ഷ്മി, ഇ.കെ.ആർ.എ – 70 , കരിയം, പൗഡിക്കോണം പി.ഒ, തിരുവനന്തപുരം |
| മെഡിക്കൽ | ഡോ.മായ | സൗപർണ്ണിക, പുറ്റിങ്ങൽ ക്ഷേത്രം |

| | | |
|---|---|---|
| ഓഫീസർ<br>(ഹോമിയോ) | (01.04.2016 മുതൽ 21.09.2016 വരെ) | റോഡ്, കുറുമണ്ടൽ, പരവൂർ പി.ഒ |
| | ഡോ.വിനീത.ആർ.പുഷ്കരൻ ( 22.09.2016) | പ്രഭാതം, കൊട്ടുമൺ, ആറ്റിങ്ങൽ |
| | ഡോ.രാജശ്രീ<br>( 23.09.2016മുതൽ 31.03.2017 വരെ) | ഗോകുലം, ഗവ.ഗസ്റ്റ്ഹൗസിനു സമീപം, വലിയകുന്ന്, അവനവൻചേരി |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ദീപ<br>(01.04.2016 മുതൽ 31.03.2017 വരെ) | എ 16, കളിയിക്കൽ, പിള്ളവീട് നഗർ, കേശവദാസപുരം |
| വെറ്ററിനറി സർജൻ | ഡോ.സ്മിത തോമസ്(01.04.2016 മുതൽ 31.03.2017 വരെ) | പി.കെ 31, കൈലാസ് നഗർ, പട്ടം |
| വി.ഇ.ഒ (എ -സർക്കിൾ) | : ശ്രീ.വിനോദ്<br>(01.04.2016 മുതൽ 01.11.2016 വരെ) | ബേബി ഭവൻ, കുന്തള്ളൂർ<br>പി ഒ, ചിറയിൻകീഴ് |
| | : ശ്രീ.സൈജു (ഇൻ ചാർജ്ജ്)<br>(01.11.2016 മുതൽ 10.11.2016 വരെ) | അക്കരവിള വീട്,ഇളമ്പ, ആറ്റിങ്ങൽ |
| | : ശ്രീ.സജീവ്.ജെ.എസ്<br>(10.11.2016 മുതൽ 31.03.2017 വരെ) | ശാന്തി നിവാസ്, കതിരുവിള, കുറ്റിമൂട്, കല്ലറ പി ഒ - 695608 |
| വി.ഇ.ഒ<br>(ബി -സർക്കിൾ) | : ശ്രീ.വിനോദ് (ഇൻ ചാർജ്ജ്)<br>(01.04.2016 മുതൽ 02.07.2016 വരെ) | ബേബി ഭവൻ, കുന്തള്ളൂർ<br>പി ഒ, ചിറയിൻകീഴ് |
| | : ശ്രീ.സൈജു<br>(02.07.2016 മുതൽ 31.03.2017 വരെ) | അക്കരവിള വീട്,ഇളമ്പ, ആറ്റിങ്ങൽ |

| | | |
|---|---|---|
| കൃഷി ഓഫീസർ | : ശ്രീ.രാഹുൽ.എസ്.എം<br>(01.04.2016 മുതൽ 14.07.2016 വരെ) | ലക്ഷ്മീ ദീപം , കാരേറ്റ് പി ഒ |
| | : ശ്രീമതി.സിന്ധു ഭാസ്കർ<br>(05.08.2016 മുതൽ 31.03.2017 വരെ) | അനുപമം, കോട്ടുകാൽ പി ഒ, അഞ്ചൽ,കൊല്ലം |
| ICDS സൂപ്പർവൈസർ | : ശ്രീമതി.ശ്രീരശ്മി.റ്റി.എസ്<br>(01.04.2016 മുതൽ 31.03.2017 വരെ) | മംഗലശ്രീ, കിഴുവിലം പി ഒ, മാമം, ആറ്റിങ്ങൽ |
| ഹെഡ്മിസ്ട്രസ്സ്, ജി. എൽ. പി. എസ് | : ശ്രീമതി.ജയശ്രീ(01.04.2016 മുതൽ 31.03.2017 വരെ) | ശ്രീസദൻ, പൊയ്കമുക്ക്പി ഒ |
| ഡയറിഫാം ഇൻസ്ട്രക്ടർ | : ശ്രീമതി.മിനിമോൾ(01.04.2016 മുതൽ 31.03.2017 വരെ) | റ്റി.സി.-19/886(10), കെ.ആർ.ആർ.എ-204.എൽ, പ്രകാശ് നഗർ, കേശവദേവ് റോഡ്, പൂജപ്പുര, തിരുവനന്തപുരം |

ഉള്ളടക്കം

ഭാഗം - I


| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |
| 11 | ക്യാഷ് ബുക്ക് പരിപാലനം | 1.11 | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |


ഭാഗം - II


| ക്രമ.നം | വിഷയം | ഖണ്ഡിക | പേജ് |
|---|---|---|---|

| | | നം. | നം. |
|---|---|---|---|
| 1 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2.1 | |
| 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2.2 | |

ഭാഗം - **III**

| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ലക്ഷ്യം നേടാൻ കടമ്പകളേറെ | 3.1 | |
| 2 | കമ്മ്യൂണിറ്റി ഹാൾ - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്യാതെ സൂക്ഷിക്കുന്നു | 3.2 | |
| 3 | മുൻസാമ്പത്തിക വർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വര് വർഷം നടത്തുന്നു | 3.3 | |
| 4 | പൂവണത്തുംമൂട് മുതൽ വാളക്കാട് തേരിമുക്ക് വരെയുള്ള റേറോഡ് സൈഡിലെ ഓട വൃത്തിയാക്കൽ - അപാകത | 3.4 | |
| 5 | ചിറയിൻകീഴ് ജലോൽസവ നടത്തിപ്പിനായി നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3.5 | |
| 6 | തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു | 3.6 | |
| 7 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.7 | |
| 8 | പഞ്ചായത്ത് വാഹനം - ഇന്ധന ക്ഷമത ടെസ്റ്റ് ചെയ്യുന്നില്ല | 3.8 | |
| 9 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3.9 | |
| 10 | പാലിയേറ്റീവ് പരിചരണം (സെക്കന്ററി ലെവൽ കെയർ) കിടപ്പ് രോഗികളുടെ സാന്ത്വന പരിചരണം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3.10 | |

| | | | |
|---|---|---|---|
| | | | |
| 11 | വയോജന ആരോഗ്യപരിപാലനം- കേരള മെഡിക്കൽസർവീസസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും മരുന്ന് ലഭിച്ചില്ല | 3.11 | |
| 12 | ബഡ്സ് സ്കൂളിലെ വണ്ടി വാടക.- ചെലവുരേഖകൾ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെൻറുമായി പൊരുത്തപ്പെടുന്നില്ല | 3.12 | |
| 13 | വ്യക്തിഗത കക്കൂസ് നിർമ്മാണം- വി.ഇ.ഒയുടെ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3.13 | |
| 14 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ. തുക തടസ്സപ്പെടുത്തുന്നു | 3.14 | |
| 15 | കുടിവെള്ള കിണർ നിർമ്മാണം - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല. | 3.15 | |
| 16 | പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് വികസന ഫണ്ട് ചെലവഴിച്ചു. | 3.16 | |
| 17 | പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ - പാരലൽ കോളേജ് വിദ്യാർത്ഥിയ്ക്കും ആനുകൂല്യം നൽകി | 3.17 | |
| 18 | പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ കൂടുതൽ തുക പ്രോജക്ട് റിവൈസ് ചെയ്യാതെ ചെലവഴിച്ചു. | 3.18 | |
| 19 | മരുന്ന് ലഭ്യമായില്ല. തുക തടസ്സത്തിൽ വയ്ക്കുന്നു. | 3.19 | |
| 20 | മുൻകൂറായി തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല. തടസ്സത്തിൽ വയ്ക്കുന്നു. | 3.20 | |
| 21 | പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ - തുക തടസ്സത്തിൽ | 3.21 | |
| 22 | പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം - അവലോകനം | 3.22 | |

| | | | |
|---|---|---|---|
| 23 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3.23 | |
| 24 | ആശ്രയ പദ്ധതി - അവലോകനം | 3.24 | |
| 25 | അംഗൻവാടി പ്രവർത്തനം - അവലോകനം | 3.25 | |

ഭാഗം **- IV**

| ക്രമ.നം | ഇനം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4.2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 4 | വായ്പ തിരിച്ചടവ് | 4.4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 6 | ഓഡിറ്റ് റിക്കവറി | 4.6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 3.3.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 203365176/- രൂപയും പ്രതീക്ഷിത ചെലവ് 202431000/- രൂപയും നീക്കിയിരിപ്പ് 934176/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 01.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | ₹ 10627076/- |
| വരവ് | ₹ 70,510,044/- |
| ആകെ | ₹81,137,120/- |
| ചെലവ് | ₹ 66,586,396/- |
| നീക്കിയിരുപ്പ് | ₹ 14,550,724/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 565469 | 14529016 | 14529016 | 14529016 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8367814 | 8367814 | 8367814 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8542771 | 8542771 | 8542771 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3971603 | 3971603 | 3971603 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7921344 | 7921344 | 7921344 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1860797 | 1860797 | 1860797 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 6278 | 1165304 | 1171582 | 1091865 | 79717 |
| ബി.ഫണ്ട് | 0 | 1646680 | 1646680 | 1646680 | 0 |
| തനത് ഫണ്ട്/മറ്റ് വരവുകൾ | 2985067 | 10960751 | 13945818 | 2947722 | 9622096 |
| റ്റി.എസ്.ബി(ജനറൽ പർപ്പസ് ഫണ്ട്) | 7070262 | 11543964 | 18614226 | 13765315 | 4848911 |

തനത് ഫണ്ട്/മറ്റ് വരവുകളിൽ ക്യാഷ് നീക്കിയിരിപ്പ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

*വാർഷിക ധനകാര്യ പത്രിക – അപാകതകൾ*

1) ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ബി3 ഷെഡ്യൂളിലെ Capital Contribution തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) B4 ഷെഡ്യൂളിൽ Development fund – special component plan capital 0.20 എന്ന് കാണുന്നു. പ്രസ്തുത തുക ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3) B5 ഷെഡ്യൂളിലെ Secured loan from co-operative banks 4497245 ആണ് കാണുന്നത്. ആയത് loan register മായി പൊരുത്തപ്പെടുന്നില്ല.

4) രജിസ്റ്റർ പ്രകാരം professinal tax employees വരവ് 760549/- ആണ്. എന്നാൽ AFS പ്രകാരം 759949/- രൂപ ആണ്. 600/- രൂപയുടെ വ്യത്യാസം കാണുന്നു.

5) ലേല രജിസ്റ്റർ പ്രകാരം മാർക്കറ്റ് വരവ് 112500/- രൂപയാണ്. എന്നാൽ എ.എഫ്.എസ്. ൽ ആയത് 110915/- രൂപയാണ് കാണുന്നത്. 1585/- രൂപയുടെ വ്യത്യാസം കാണുന്നു.

6) ഡി. & ഒ രജിസ്റ്റർ പ്രകാരം വരവ് 107810/- രൂപയാണ്. എന്നാൽ എ.എഫ്.എസ്.ൽ ആയത് 108960/- രൂപയാണ്. 1150/- രൂപയുടെ വ്യത്യാസം കാണുന്നു.

7) Discrepancy solving step ലൂടെ എല്ലാ അപാകതകളും പൂർണ്ണമയും പരിഹരിച്ചിട്ടില്ലാത്തതിനാൽ ആർ.പി. പത്രികയിലെ Residential building arrear, current, Non-residential building arrear current എന്നിവ പൂർണ്ണമായും കണക്കാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യയിൽ 2016-17 വർഷത്തെ കളക്ഷൻ കൃത്യമാണോയെന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

8) തൊഴിൽനികുതി, ലേലം, ഡി & ഒ എന്നീ രജിസ്റ്ററുകളിൽ ഡിമാന്റ് , കളക്ഷൻ ബാലൻസ് എന്നിവ കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 (പുതിയത് 150) | 78586361 | 128 | 49905699 | 7 | 34 | 75.74% |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+/_) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 902496 | 963876 | 61380 | 6.37 |
| കെട്ടിട നികുതി | 1571870 | 2328380 | 756510 | 32.49 |

| | | | | |
|---|---|---|---|---|
| പരസ്യ നികുതി | 5000 | 6000 | 1000 | 16.67 |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 74367 | 86900 | 12533 | 14.42 |
| വാടക | 19000 | 16000 | -3000 | -18.75 |
| ഡി & ഓ ലൈസൻസ് | 88311 | 105914 | 17603 | 16.62 |
| മറ്റുവരവുകൾ | 692711 | 1122591 | 429880 | 38.29 |
| ആകെ | 3353755 | 4629661 | 1275906 | 27.56 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 5823300/- | 698 |
| തൊഴിൽരഹിത വേതനം | 800880/- | 418 |
| വിധവാ പെൻഷൻ | 17283330/- | 1841 |
| വികലാംഗ പെൻഷൻ | 3894910/- | 437 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 587340/- | 60 |
| വാർദ്ധക്യ പെൻഷൻ | 29476545/- | 2975 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 810000/- | 27 |
| ആകെ | 58676305/- | 6456 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2017 രാവിലെ 10.15 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14011/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/2017 | 04/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2014 | 2008-09 മുതൽ 2012-13 വരെ | 29.04.2014 |

## 1-11 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വണോദ്യോഗസ്ഥരായ അസി.സെക്രട്ടറി, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ മേൽ ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ലായെന്ന് പരിശോധനയിൽ കാണുന്നു. ആയതിനാൽ അടിയന്തിരമായി കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in -ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നുമാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നത്. ഈ വിവരം കാണിച്ച് നൽകിയ എൻക്വയറി നം 35/ 19.07.17 ന് ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ - ചട്ടം 4എ(1) പ്രകാരം ബിസിനസ്സ് നടത്തുക എന്ന ആവശ്യത്തിനായി ഒരു കമ്പനിക്കോ ആൾക്കോ ഒരു ഓഫീസോ ഏജന്റോ പഞ്ചായത്തിൽ ഉണ്ടെങ്കിൽ, അങ്ങനെയുള്ള ആഫീസിനോ ഏജന്റിനോ ആ കമ്പനിയേയോ ആളിനേയോ ബന്ധിക്കുന്ന കരാറുകൾ ചെയ്യാൻ അധികാരമുണ്ടെങ്കിലും, ഇല്ലെങ്കിലും, ആ കമ്പനിയോ ആളോ പഞ്ചായത്ത് പ്രദേശത്തിനകത്ത് ബിസിനസ്സ് നടത്തി വരുന്നതായി കരുതേണ്ടതും, നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|

| | | | |
|---|---|---|---|
| 32010521141 | SATHEESAN | AMBADY FINANCE | AJIMSHA BUILDING, MP.5/1339, MUDAKKAL, 5, VALAKKADU, ELAMPA |
| 32010528082 | SIVADAS | SIVAMAYAM | GOKULAM, ,MP441, MUDAKKAL, XIV, KIZHUVILAM, OORUPOIKA |
| 32010564003 | PUSHPAKUMARI.B | SWATHI FINANCE | VIII/1072, VIII/1072, MUDAKKAL PANCHAYATH, VIII, CHEMPOOR, MUDAKKAL |
| 32010537554 | YESODHARAN | THIRUVATHIRA FINANCERS | VIII, VIII/907, CHEMPOOR, VIII, MUDAKKAL, MUDAKKAL |

ഈ വിവരം കാണിച്ച് നൽകിയ എൻക്വയറി നം 33/ 19.07.17 ന് നികുതി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ലക്ഷ്യം നേടാൻ കടമ്പകളേറെ

പ്രോജക്ട് നം :31/16-17

തുക :2400000

എം ബുക്ക് നം :41/15-16, 225/16-17

ബിൽ നം :38/16-17, 31.03.2017 / തുക 644336/-

1/16-17, 21.10.16, തുക 1216461/-

ഗ്രാമപഞ്ചായത്തിന്റെ 12 ാം വാർഡിൽ നില നിന്നിരുന്ന ഓപ്പൺ എയർ ഓഡിറ്റോറിയതിന് പഞ്ചായത്തിന്റെ

തനത് വരുമാനം വർദ്ധിപ്പികാനുള്ള ഒരു കമ്മ്യൂണിറ്റി ഹാളായി മാറ്റാൻ 2007-08 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പ്രവൃത്തി2017-18 ലും തുടരുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | വരവ് തുക |
|---|---|---|---|---|---|
| 2007-08 | 73 | ചെമ്പൂര് ഓപ്പൺ എയർ ഓഡിറ്റോറിയം പുനരുദ്ധാരണവും ഹാൾ നിർമ്മാണവും | 834500 | 586704 | - |
| 2008-09 | 67 | ചെമ്പൂര് ഓപ്പൺ എയർ ഓഡിറ്റോറിയം പുനരുദ്ധാരണവും ഹാൾ നിർമ്മാണവും | 433296 | 247796 | - |
| 2009-10 | 34 | ചെമ്പൂര് ഓപ്പൺ എയർ ഓഡിറ്റോറിയം | 500000 | - | 900 |
| 2010-11 | 123 | ചെമ്പൂര് ഓപ്പൺ എയർ ഓഡിറ്റോറിയം | 500000 | 423772 | 3375 |
| 2011-12 | 151 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | 285975 | 247419 | 1750 |
| 2012-13 | 9 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ഫർണീച്ചർ വാങ്ങൽ | 171900 | 171887 | 5745 |
| 2013-14 | 192 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ടോയ് ലറ്റ്, സംരക്ഷണ ഭിത്തി എന്നിവ നിർമ്മാണം | 1039933 | 87357 | 18650 |
| 2013-14 | 193 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ടോയ് ലറ്റ്, സംരക്ഷണ ഭിത്തി എന്നിവ നിർമ്മാണം | 1102602 | 1102602 | |
| 2014-15 | 114 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ഊട്ടുപുര, അടുക്കള നിർമ്മാണം | 952576 | 952576 | 18500 |
| 2014-15 | 212 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണവും അടുക്കള നിർമ്മാണത്തിന്റെ ബാക്കി പണികളും | 2400000 | - | |
| 2014-15 | 105 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഊട്ടുപുര വയറിംഗ് | 176997 | 176997 | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 182 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണവും അടുക്കള നിർമ്മാണത്തിന്റെ ബാക്കി പണികളും | 2400000 | - | 19000 |
| 2016-17 | 31 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണവും അടുക്കള നിർമ്മാണത്തിന്റെ ബാക്കി പണികളും | 2400000 | 1860797 | 16000 |
| 2016-17 | 144 | കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം(സെക്രട്ടറിയുടെ നിർവ്വഹണം) | 300000 | സ്പിൽ ഓവർ | |
| 2017-18 | | | | 300000 (പ്രതീക്ഷിത ചെലവ്) | |
| ആകെ | | | 13497779 | 6157907 | 83920 |

6157907/- രൂപ ഈ പ്രോജക്ടിനുവേണ്ടി ചെലവഴിച്ചെങ്കിലും പ്രോജക്ട് പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഊട്ടുപുരയ്ക്ക് ആവശ്യമായ ഫർണീച്ചറുകൾ, പാത്രങ്ങൾ ചുറ്റുമതിൽ എന്നിവ ഇനിയും ഉണ്ടാക്കേണ്ടതുണ്ട്. ഫലപ്രദമായ ആസൂത്രണം അവലംബിക്കാത്തതിനാൽ ലക്ഷ്യം നേടാൻ ആയില്ല. കഴിഞ്ഞ പത്ത് വർഷക്കാലത്തെ ആകെ വരുമാനം 83920/- രൂപ മാത്രമാണ്. നിലവിൽ കമ്മ്യൂണിറ്റി ഹാളിന്റെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. മേൽ സൂചിപ്പിച്ച ആവശ്യകത പ്രോജക്ട് വഴി പരിഹാരം കാണേണ്ടതും വാടക നിശ്ചയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അപാകങ്ങൾ / നിരീക്ഷണങ്ങൾ

1) 2007-08 സാമ്പത്തിക വർഷത്തിൽ 490 m2 18 ഗേജ് ജി.ഐ ട്രഫോൾഡ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുണ്ടായിരുന്നു . എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ചോർച്ച കാരണം പ്രസ്തുത ഷീറ്റുകൾ മാറ്റി പുതുതായി .35 ജി.ഐ കോറിഗേറ്റഡ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പഴയ ഷീറ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ 7500/- രൂപയ്ക്ക് വാല്യുവേഷൻ നടത്തി ലേലത്തിലൂടെ ശ്രീമതി.അംബിക,വേലംകോണത്ത് വീട്,ഊരുപൊയ്ക, എന്നയാൾക്ക് 24.06.16 ലെ 4(29) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു നൽകി.എന്നാൽ നാളിതുവരെ പ്രസ്തുത തുക ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 7500/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

മേൽ പ്രോജക്ട് പ്രകാരം അഞ്ച് വാതിലുകളും ഒരു ജനലും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേല നടപടികൾക്ക് വിധേയമാക്കണമെന്ന് 27.09.2016 ൽ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചു. നാളിതുവരെ ലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/ 19.07.17 ന് ഇത് സംബന്ധിച്ച് മേൽ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു.

2) 2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഊട്ട്പുര വയറിംഗ് (105/15-16) പ്രോജക്ടിന്റെ എം ബുക്കിൽ (പേജ് 21മുതൽ 23 വരെ) എക്സ്ഹോസ്റ്റ് ഫാനുകൾ ഫിറ്റ്ചെയ്തതിന് കരാറുകാരന് 5846/- രൂപ നൽകിയിട്ടുണ്ട് എന്നാൽ എ.ഇ യുടെ നേതൃത്വത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ മേൽ സൂചിപ്പിച്ച എക്സ്ഹോസ്റ്റ് ഫാനുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടു. മേൽ തുക കരാറുകാരന്റെ ഡെപ്പോസിറ്റ് തുകയിൽ

നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32 / 18.07.2017 ന് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3) കമ്മ്യൂണിറ്റി ഹാൾ നിലനിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 18.33 ആർ ആണ് എന്നാൽ കമ്മ്യൂണിറ്റി ഹാളിലേക്കുള്ള പ്രവേശന കവാടവും സമീപത്തുള്ള വില്ലേജ് ഓഫീസിന്റെ കവാടവും ഒന്നാണ്. ചുറ്റുമതിൽ നിർമ്മിക്കുന്നതിന് മുൻപ് റവന്യൂ അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട ക്രമീകരണങ്ങൾ വരുത്താൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

4) കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ സ.ഉ.(എംഎസ്)4/2016/തസ്വഭവ/11.01.16 ഭാഗം 2ഖണ്ഡിക 13(c) പ്രകാരം കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം (ഇലക്ട്രിക്കൽ, പ്ലംബിംഗ്) പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ തുകയ്ക്കനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുവദിച്ചിട്ടില്ല. മേൽ പ്രവൃത്തിയിൽ സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും വെവ്വേറെ പ്രോജക്ടുകളാക്കി ഒരു സാമ്പത്തിക വർഷം തന്നെ അസിസ്റ്റന്റ് എഞ്ചിനീയറും സെക്രട്ടറിയും നിർവ്വഹണം നടത്തിയിട്ടുണ്ട് . ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും മാർഗ്ഗരേഖയ്ക്കനുസൃതമായി നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥരുടേയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 കമ്മ്യൂണിറ്റി ഹാൾ - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്യാതെ സൂക്ഷിക്കുന്നു

1) പ്രോജക്ട് നം :S0031/17

നിർവ്വഹണോദ്യോഗസ്ഥൻ : എ.ഇ

മേൽ പ്രോജക്ടിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന അഞ്ച് വാതിലുകൾ ഫ്രെയിംവർക്ക് ഉൾപ്പെടെ ഡിസ്മാന്റിൽ ചെയ്ത് ലേലം ചെയ്യുന്നതിലേക്കായി പഞ്ചായത്ത് സെക്രട്ടറിയെ രേഖ മൂലം നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് .

എന്നാൽ 18.07.2017ന് 10.30മണിക്ക് നടന്ന സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ 2016-17 സാമ്പത്തിക വർഷം എ.ഇ. നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ഡിസ്മാന്റിൽ ചെയ്ത അഞ്ച് വാതിലുകളും (ഫ്രെയിം ഉൾപ്പെടെ)ഒരു ജനലും കമ്മ്യൂണിറ്റി ഹാളിൽ (അടുക്കളയിൽ) സൂക്ഷിച്ചതായി കണ്ടു.

2) പ്രോജക്ട് നം 141/17, കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം

2016-17 സാമ്പത്തിക വർഷത്തെ സ്പിൽഓവർ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണ പ്രവൃത്തിക്കുവേണ്ടി ഡിസ്മാന്റിൽ ചെയ്ത ഫാനുകളും ട്യൂബ് ലൈറ്റുകളും ഫർണീച്ചറുകളും ഹാളിൽ സൂക്ഷിച്ചതായി സ്ഥല പരിശോധനയിൽ കണ്ടു.

മേൽ പറഞ്ഞവയിൽ ഉപയോഗ യോഗ്യമായത് പുനരുപയോഗിക്കുന്നതിനും മറ്റുള്ളവ ലേലം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ നടത്തിയ ചെലവുകളുടെ ബില്ലുകൾ റീ ഇംപേഴ്സ്മെന്റിനായി 2016-17 വർഷത്തിലാണ് പഞ്ചായത്തിൽ സമർപ്പിച്ച് ചെലവ് നടത്തുന്നത്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം തീയതി | ചെക്ക് നം | തുക | ഉദ്ദേശ്യം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 46/04/16-17 15.04.16 | 5437799 | 11700 | എച്ച്.എം, ഗവ.എൽ.പി.എസ് - കറണ്ട് , ടെലിഫോൺ ചാർജ് | സെപ്റ്റംബർ 2015 മുതൽ മാർച്ച് 2016വരെയുള്ള ബിൽ തുകകൾ 15.04.16 നാണ് നൽകിയിരിക്കുന്നത് |
| 2 | 62/05/16-17 | 6652266 | 2145 | കൃഷിഭവൻ | 29.12.15 ന് ഒടുക്കിയ |

| | | | | | |
|---|---|---|---|---|---|
| | 21.05.16 | | | കെട്ടിടത്തിന്റെ വൈദ്യുതി, ടെലിഫോൺ ചാർജ് | ടെലിഫോൺ ചാർജ് 21.04.15, 10.01.16, 11.02.16, എന്നീ തീയതികളിൽ ഒടുക്കിയ കറണ്ട് ചാർജ് എന്നിവ 21.05.16 നാണ് നൽകിയിരിക്കുന്നത്. |
| 3 | 28/08/16-17<br>09.08.16 | 727543 | 4308 | പഞ്ചായത്തിലെ വിവിധ അങ്കണവാടി കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | വിവിധ അങ്കണവാടികളുടെ 2015മെയ് മാസം മുതലുള്ള വൈദ്യുതിചാർജ് ഒടുക്കിയിട്ടുള്ളത് 09.08.16 ലാണ് നൽകിയിരിക്കുന്നത്. |
| 4 | 10/10/16-17<br>01.10.16 | 727579 | 824 | പൊയ്കമുക്ക് ഗ്രാമവികസന സമിതി ഗ്രന്ഥശാലയുടെ വൈദ്യുതി ചാർജ് | 11/15 മുതൽ 5/16 വരെയുള്ള<br>വൈദ്യുതി ചാർജ് 01.10.16 നാണ് നൽകിയിരിക്കുന്നത്. |

മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 3-4 പൂവണത്തുംമൂട് മുതൽ വാളക്കാട് തേരിമുക്ക് വരെയുള്ള റോഡ്സൈഡിലെ ഓട വൃത്തിയാക്കൽ - അപാകത

07.09.16 ൽ നടന്ന മീറ്റിംഗിലെ 5(15)ാം നമ്പർ തീരുമാനപ്രകാരമാണ് ഈ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്.

29.09.16 ൽ നടന്ന മീറ്റിംഗിലെ 4(6)ാം നമ്പർ തീരുമാനപ്രകാരം ക്വട്ടേഷൻ ലഭിച്ച മൂന്ന് പേരിൽ നിന്നും കുറഞ്ഞ തുക രേഖപ്പെടുത്തിയ ജയകുമാർ, കൈലാസം എർത്ത് മൂവേഴ്സ്, വാളക്കാട് എന്നയാളെ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു.

18.10.16 ൽ നടന്ന മീറ്റിംഗിലെ 6(2)ാം നമ്പർ തീരുമാനപ്രകാരം അർഹമായ തുക തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

14.11.16 ൽ തുക കൈപ്പറ്റുകയും ചെയ്തു.

വൗച്ചർ നം , തീയതി : 23/11/16-17,4.11.16

ചെക്ക് നം : 727599

തുക : 14083

എന്നാൽ ഈ പ്രവൃത്തിക്ക് ഹാജരാക്കിയിട്ടുള്ള ബില്ലുകളിൽ ജൂൺ മാസത്തെ തീയതികളിലാണ് പ്രവൃത്തി ചെയ്തിരിക്കുന്നതായി കാണുന്നത്.

ഈ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26 / 17.07.2017 ന് ക്ലറിക്കൽ പിഴവ് മൂലം ശ്രദ്ധയിൽപ്പെട്ടില്ല എന്ന് മറുപടി നൽകുകയും ക്വട്ടേഷൻ ഏറ്റെടുത്ത വ്യക്തിയുടെ വിശദീകരണം ലഭ്യമാക്കുകയും ചെയ്തു. ഇതിൽ ബില്ലുകൾ സമർപ്പിച്ചപ്പോൾ വന്ന തെറ്റ് ശ്രദ്ധയില്ലായ്മയാലാണ് സംഭവിച്ചതെന്ന് സൂചിപ്പിച്ചിരിക്കുന്നു.

## 3-5 ചിറയിൻകീഴ് ജലോൽസവ നടത്തിപ്പിനായി നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വൗച്ചർ നം ,തീയതി : 73/09/16-17, 22.09.16

ചെക്ക് നം : 727577

തുക : 5000

ചിറയിൻകീഴ് ജലോൽസവ നടത്തിപ്പിനായി സ.ഉ.(സാധാ)നം 2629/2016/ ത.സ്വ.ഭ.വ. തീയതി 07.09.16 പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഇത് ലഭ്യമായിട്ടില്ല.

മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/17.07.2017 ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൈക്കൊള്ളാമെന്ന് അറിയിച്ചു.

## 3-6 തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുവരുത്തുന്നതിനായി തൻവർഷം 1310136/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | തുക(രൂപ) |
|---|---|---|
| 1 | 14/04/16-17, 04.04.16 | 109178 |
| 2 | 45/05/16-17, 12.05.16 | 109178 |
| 3 | 37/06/16-17, 07.06.16 | 109178 |
| 4 | 26/07/16-17, 04.07.16 | 109178 |
| 5 | 32/08/16-17, 11.08.16 | 109178 |
| 6 | 36/09/16-17, 05.09.16 | 109178 |
| 7 | 33/10/16-17, 06.10.16 | 109178 |
| 8 | 21/11/16-17,04.11.16 | 109178 |
| 9 | 25/12/16-17, 07.12.16 | 109178 |
| 10 | 34/01/16-17, 12.01.17 | 109178 |
| 11 | 24/02/16-17, 03.02.17 | 109178 |

| | | |
|---|---|---|
| 12 | 31/03/16-17,04.03.17 | 109178 |
| ആകെ | | 1310136 |

മേൽ സൂചിപ്പിച്ച തുക ഒടുക്കു വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിനായി തെരുവുവിളക്കുകളുടെ ആകെ എണ്ണം, അവയിൽ പ്രകാശിക്കുന്നവ, പ്രകാശിക്കാത്തവ, തെരുവുവിളക്കുകളുടെ ഇനം, ഓരോ ഇനത്തിനും ഒടുക്കേണ്ട ചാർജ് മുതലായ വിവരങ്ങൾ കാണിക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. കെ.എസ്.ഇ.ബി.യു മായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

ഉപഭോഗത്തിനനുസൃതമായാണ് കറണ്ട്ചാർജ്ജ് ഒടുക്കുന്നതെന്നുറപ്പാക്കുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

വെള്ളക്കരം ഒടുക്കു വരുത്തുന്നതിനായി തൻവർഷം 9,69,504/- രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | തുക(രൂപ) |
|---|---|---|
| 1 | 60/04/16-17,22.04.16 | 80500 (164 എണ്ണം) |
| 2 | 73/05/16-17,31.05.16 | 80500 |
| 3 | 80/06/16-17,23.06.16 | 80500 |
| 4 | 77/07/16-17,29.07.16 | 80500 |
| 5 | 59/08/16-17,29.08.16 | 80938 (165എണ്ണം) |
| 6 | 77/09/16-17,26.09.16 | 80938 |
| 7 | 48/10/16-17,26.10.16 | 80938 |
| 8 | 59/11/16-17,23.11.16 | 80938 |
| 9 | 66/12/16-17,22.12.16 | 80938 |
| 10 | 84/01/16-17,24.01.17 | 80938 |
| 11 | 101/02/16-17,22.02.17 | 80938 |
| 12 | 109/03 /16-17,28.03.17 | 80938 |
| ആകെ | | 969504 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.05.09 ലെ ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ വിവരം കാണിച്ച് നൽകിയ എൻക്വയറി നം 17/ 14.07.17ന് ജല അതോറിറ്റിക്ക് സംയുക്ത പരിശോധന ആവശ്യപ്പെട്ട് 29.05.17-ാം തീയതി എ3-3383/2017ാം നമ്പർ കത്ത്

നൽകിയിട്ടുണ്ടെന്നും നാളിതുവരെ വാട്ടർ അതോറിറ്റിയിൽ നിന്നും മറുപടി ലഭ്യമായിട്ടില്ലെന്നും അറിയിച്ചു. ആയതിലേക്ക് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് വാഹനം - ഇന്ധന ക്ഷമത ടെസ്റ്റ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനക്ഷമത നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം (സ.ഉ.(എം.എസ്.) നം.170/07/ത.സ്വ.ഭ.വ, തീ.30.06.2007) ആറ് മാസത്തിൽ ഒരിക്കൽ വാഹനങ്ങളുടെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ ലോഗ്ബുക്ക് പരിശോധനയിൽ അവസാനമായി ടെസ്റ്റ് നടത്തിയിരിക്കുന്നത് 05.10.2015 ലാണ് (സർട്ടിഫിക്കറ്റ് നം. 200/T/I/2015(189) തീ.08.10.2015) .

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഇന്ധനക്ഷമത ടെസ്റ്റ് കൃത്യ സമയത്തു നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്.

## 3-9 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പത്രപ്പരസ്യങ്ങൾ നൽകിയതിൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം ($cm^2$), നിരക്ക്/ $cm^2$ ,തീയതി | നൽകിയ തുക | ചെക്ക് /ബിൽ നം തീയതി |
|---|---|---|---|
| കേരള കൗമുദി (വിവിധ വർക്കുകളുടെ ടെണ്ടർ) | 24(@ 300), 14.12.2016 | 7200 | BLTVM00279324 14.12.2016 |
| കേരള കൗമുദി (എ.ഇ യുടെ 26 വർക്കുകളുടെ ടെണ്ടർ) | 64(@ 300), 27.11.2016 | 19200 | BLTVM00278986 27.11.2016 |
| കേരള കൗമുദി (എ.ഇ യുടെ 10 വർക്കുകളുടെ റീടെണ്ടർ) | 48(@ 255), 16.12.2016 | 12240 | BLTVM00279410 16.12.2016 |

| | | |
|---|---|---|
| ആകെ | 38640/- | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 5796 /- രൂപ (38640 x15%) പരസ്യച്ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് പരിചരണം (സെക്കന്ററി ലെവൽ കെയർ) കിടപ്പ് രോഗികളുടെ സാന്ത്വന പരിചരണം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നം : SO116/17

പേര് : പാലിയേറ്റീവ് പരിചരണം (സെക്കന്ററി ലെവൽ കെയർ) കിടപ്പ് രോഗികളുടെ സാന്ത്വന പരിചരണം.

അടങ്കൽ : 100000/-(വികസന ഫണ്ട്, ജില്ല പഞ്ചായത്ത്)

ബിൽ നം : palliative care secondary level,18.03.17: 100000/-

ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നുള്ള നിർദ്ദേശാനുസരണം ജില്ലാപഞ്ചായത്തുമായി ചേർന്ന് കിടപ്പു രോഗികളുടെ സാന്ത്വനപരിചരണത്തിനായി സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതിലേക്ക് 100000/- രൂപ വകയിരുത്തിയിരുന്നു.

ഈ തുക ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ട് നം 799011400000989 ലേക്ക് 10.3.2017ൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട് എന്നാൽ പ്രോജക്ടുമായി ബന്ധപ്പെട്ട യു.സി, കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18ന് ലഭ്യമാക്കിയ മറുപടിയിൽ 14.7.2017ൽ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് കത്തു നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 വയോജന ആരോഗ്യപരിപാലനം- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും മരുന്ന് ലഭിച്ചില്ല

നം : SO150/17

വയോജന ആരോഗ്യ പരിപാലനം

അടങ്കൽ : 225000/- (വികസന ഫണ്ട്)

ബിൽ നം :geriatric (medicine purchase)/,13.03.17: 225000/-

വയോജനങ്ങൾക്കു വേണ്ടി മരുന്ന്, ഇൻസുലിൻ എന്നിവ വാങ്ങൽ എന്നിവയ്ക്കായി വിഭാവനം ചെയതിരുന്ന പദ്ധതിയിൽ മേൽ തുക കേരള മെഡിക്കൽ സർവ്വീസസിന്റെ അക്കൗണ്ടിൽ (നം 3624001800000019) 13.3.17ൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

എന്നാൽ ഇതിൽ 1,71,146/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 53,854/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനം.23ന് ലഭ്യമാക്കിയ മറുപടിയിൽ KMSCLൽ വന്ന സാങ്കേതിക പിഴവു മൂലമാണ് മരുന്ന് ലഭിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറിയില്ലെങ്കിലും 53,854/- രൂപയുടെ മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ തുക ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 ബഡ്സ് സ്കൂളിലെ വണ്ടി വാടക - ചെലവുരേഖകൾ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

പ്രോജക്ട് നം : 132/17

പേര് : ബഡ്സ് സ്കൂളിലെ വാഹന വാടക

അടങ്കൽ : വികസനഫണ്ട്(100000)

ജില്ലാപഞ്ചായത്ത് (100000)

ബിൽ നം : ICDS billNo.II .11/10-17/24.11.16-51252/-

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 51,252/- (വികസന ഫണ്ട്) മാത്രമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ ബിൽ പ്രകാരമുള്ള 51252/-രൂപ 2016 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിലെ വണ്ടി വാടക നൽകാനും, ചെക്ക് നം 1894589/27.1.17 – 26,880/-, ചെക്ക് ന2256602/20.3.17 -44072/- എന്നിങ്ങനെ തനതു ഫണ്ടിൽ നിന്ന് ആകെ 70952/- രൂപ പിൻവലിച്ച് 2016 നവംബർ,ഡിസംബർ ,2017 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെയും വണ്ടി വാടക നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പഞ്ചായത്തിൻെറ വികസനഫണ്ടും ജില്ലാപഞ്ചായത്തിൻെറ വികസനഫണ്ടുമാണ് വകയിരുത്തിയിട്ടുള്ളത്. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ജില്ലാപഞ്ചായത്ത് അലോട്ട്മെൻറ് തുക D.D No 105241/7.4.16 പ്രകാരം ലഭിച്ചിട്ടുണ്ട്. ചെലവ് കഴിച്ച് 29,048/- രൂപ ചെക്ക് നം.2256613/30.3.17ൽ ജില്ലാപഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചതായി രേഖകൾ പ്രകാരം കാണുന്നു. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുക എന്താവശ്യത്തിനായാണ് വിനിയോഗിച്ചത് എന്നാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് ലഭ്യമാക്കിയ മറുപടിയിൽ 31.3.2016നകം ലഭിക്കേണ്ടിയിരുന്ന ജില്ലാപഞ്ചായത്ത് വിഹിതം 1.4.16 ന ശേഷമാണ് ലഭിച്ചതെന്നും ആയതിനാൽ ചെലവായ തുകയിൽ ബാലൻസ് തുക തിരിച്ചടച്ചുവെന്നുമാണ് അറിയിച്ചിരിക്കുന്നത്.

പ്രോജക്ട് നം- 48/16-17 പ്രകാരമുള്ള ബഡ്സ് സ്കൂളിൽ വാഹന വാടക (സ്പിൽ ഓവർ) എന്ന പദ്ധതിയിൽ അടങ്കൽ- തുക തനത് ഫണ്ട്-100000/-രൂപ വകയിരുത്തിയിരുന്നു.

ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിയ്ക്ക് തൻവർഷം ചെലവ് വന്നതിൻെറ രേഖകൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻ്റ് പ്രകാരം 70,952/- രൂപ തനത്ഫണ്ടിൽ നിന്ന് വിനിയോഗിച്ചതായി കാണുന്നു. ആയതിൻെറ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും പ്രോജക്ട് നം. 132/16-17 ന് ലഭിച്ച 1,00,000/- രൂപ തനത് ഫണ്ടിൽ ഇടുകയും പ്രസ്തുത പ്രോജക്ടിനായി ഇതിൽ 70,952/- രൂപ ചെലവഴിക്കുകയും എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻ്റിൽ തെറ്റായി രേഖപ്പെടുത്തൽ വരുത്തുകയും ചെയ്തതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ട് നം. 48/16-17 ന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ കൃത്യത ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാനായിട്ടില്ല. ബഡ്സ് സ്കൂളിൻെറ വണ്ടി വാടകയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ, മറുപടി, സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ രണ്ടു പദ്ധതികളുമായി ആകെ ചെലവഴിച്ച 1,22,204/- രൂപയുടെ ചെലവ് (51252+70952) തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 <u>വ്യക്തിഗത കക്കൂസ് നിർമ്മാണം- വി.ഇ.ഒയുടെ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>

പ്രോജക്ട് നം - S0046/17

പേര് - വ്യക്തിഗത കക്കുസ് നിർമ്മാണം (സ്പിൽ ഓവർ)

അടങ്കൽ - കേന്ദ്രാവിഷ്കൃതപരിപാടി -66000/-

സംസ്ഥാനാവിഷ്കൃതപരിപാടി -240000/-

പ്രസ്തുത പദ്ധതിയിൽ തൻവർഷം 120000/-രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് ചെക്ക് നം. 665274/15.6.16 പ്രകാരം 10 ഗുണഭോക്താക്കൾക്ക് 12000/- രൂപ വീതം നൽകുന്നതിന് വി. ഇ ഒ.യ്ക്ക് നൽകുകയും പ്രസ്തുത തുക വി.ഇ.ഒയുടെ പേരിലുള്ള ഐ.ഒ.ബി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഒൻപതു പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതായും കാണുന്നു. വി.ഇ.ഒയുടെ അക്കൗണ്ടിൽ അക്കൗണ്ട് നം. 078001000014203യിൽ 18443/- രൂപ (ഇൻ്ററസ്റ്റ് ഉൾപ്പെടെ) അവശേഷിക്കുന്നുണ്ട്. ശ്രീ. ബേബി. ബി.എസ്.ഭവൻ, ഇളമ്പ എന്ന ഗുണഭോക്താവ് പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. മേൽ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും പലിശ ഇനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്.

## 3-14 <u>സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ. തുക തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നിവയിൽ നിരവധി ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം<br>പേര് | ബിൽ നം<br>തുക | റിമാർക്സ് |
|---|---|---|---|
| 1 | SO164/17, അയിലം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ<br>അടങ്കൽ 236163 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | SO164/17/ .03.17<br>236163 | യു.സി ഇല്ല |
| 2 | SO168/17, നെല്ലിമൂട് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO168/17/ .03.17<br>200000/- | യു.സി ഇല്ല |
| 3 | SO160/17,പേരൂർക്കോണം ലക്ഷം വീട് കോളനി പൈപ്പ് ലൈൻ നീട്ടൽ | SO160/17/ .03.17<br>485000/- | യു.സി ഇല്ല |
| 4 | SO171/17,കട്ടിയാട് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO171/17/ .03.17<br>350720 | യു.സി ഇല്ല |
| 5 | SO159/17,കല്ലിൻമൂട് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO159/17/ .03.17<br>206500/- | യു.സി ഇല്ല |
| 6 | SO161/17,പള്ളിയറ വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO161/17/ .03.17<br>240000/- | യു.സി ഇല്ല |
| 7 | SO162/17,വാളക്കാട് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO162/17/ .03.17<br>200000/- | യു.സി ഇല്ല |

| | | | |
|---|---|---|---|
| 8 | SO153/17,പാറയടി വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO153/17/ .03.17<br>375000/- | യു.സി ഇല്ല |
| 9 | SO172/17,മൈവള്ളി ഏല വാസുദേവപുരം റോഡ് ബാക്കിഭാഗം പൈപ്പ് ലൈൻ നീട്ടൽ | SO172/17/ .03.17<br>200000/- | യു.സി ഇല്ല |
| 10 | SO170/17,ലക്ഷ്മിവിള റോഡ് പൈപ്പ് ലൈൻ നീട്ടൽ | SO170/17/ .03.17<br>200000/- | യു.സി ഇല്ല |
| 11 | SO152/17,വാസുദേവപുരം പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യകമ്മീഷൻ ഗ്രാന്റ് 497000/-) | SO152/17/ .03.17<br>497000/- | യു.സി ഇല്ല |
| 12 | SO163/17,കൈപ്പറ്റിമുക്ക് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | SO163/17/ .03.17<br>240000/- | യു.സി ഇല്ല |
| 13 | SO130/17,സ്ട്രീറ്റ് മെയിൻ നീട്ടൽ(എസ്.സി.പി) | SO130/17<br>99960/-,7.3.17<br>27625/-,31.3.17<br>42500/-,27.3.17 | യു.സി ഇല്ല |
| 14 | SO124/17,സ്ട്രീറ്റ് മെയിൻ നീട്ടൽ | SO124/17<br>159375/-,2.3.17<br>486030/-,7.3.17<br>56525/-,27.3.17<br>98005/-,30.3.17 | യു.സി ഇല്ല |

| | | | |
|---|---|---|---|
| | | | |
| 15 | SOO35/17 ഐ.കെ.എംന് നൽകാനുള്ള തുക നൽകൽ | SO35/17 /31.10.16: 173423 | യു.സി ഇല്ല |
| 16 | SO158/17 അയിലം മൈവള്ളി 41-ാം നം. അംഗൻവാടി കുഴൽ ക്കിണർ നിർമ്മാണം. | ചെക്ക് നം. 2612795/ 6.3.17<br><br>: 195000/- | 30.6.17ൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിച്ചത് 130558/-രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രം. 64442/-രൂപ റീക്കുപ്പ് ചെയ്തിട്ടില്ല |
| 17 | SO166/17സമ്പൂർണ്ണ വൈദ്യുതീകരണം(അടങ്കൽ-തനതുഫണ്ട് 378000) | ചെക്ക് നം. 2612890/12.3.17<br><br>:378000/- | KSEBയിൽ നിന്ന് മൂന്നു ലക്ഷം രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമേ ലഭ്യമായിട്ടുള്ളു. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30 ന് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിക്കാത്തതിനാലാണ് വാട്ടർ അതോറിറ്റിയിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതെന്നും മെറ്റീരിയൽ ലഭ്യമാകാത്തതിനാൽ കെ.എസ്.ഇ.ബിയ്ക്ക് പണി പൂർത്തീയാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പട്ടികയിൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വിവിധ പദ്ധതികളിലായി ചെലവഴിച്ച തുക തടസ്സപെടുത്തുന്നു.

## 3-15 കുടിവെള്ളക്കിണർ നിർമ്മാണം- സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല

എ) പ്രോജക്റ്റ് നം - SOO2/17

പേര് - കുടിവെള്ളക്കിണർ നിർമ്മാണം എസ്.സി (സ്പിൽ ഓവർ)

ബിൽനം - കിണർ നിർമ്മാണം SOO2/17/19.11.16: 8500/-

കിണർ നിർമ്മാണം SOO2/17/30.1.17: 51000/-

കിണർ നിർമ്മാണം SOO2/17/21.2.17 :17000/-

കിണർ നിർമ്മാണം SOO2/17/25.3.17;8500/-

കിണർ നിർമ്മാണം SOO2/17/30.3.17;13500/-

ജി.ഒ (എം.എസ്) 362/2013 Lsgd dated16.11.13 പ്രകാരവും ജി.ഒ(എം.എസ്) 4/2016/LSGD dated 11.1.2016 പ്രകാരവും ഇടനാട്ടിൽ അനുവദിക്കാവുന്ന തുക വാല്യുവേഷൻെറ 75% അല്ലെങ്കിൽ 17,000/- രൂപ ഏതാണോ കുറവ് അത് മാത്രമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ശാരിക ബി. കുന്നിൽ വീട് എന്ന ഗുണഭോക്താവിന് ഓവർസിയറുടെ വാല്യുവേഷൻ പ്രകാരം 18000/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ആയതിനാൽ പദ്ധതി മാർഗ്ഗരേഖപ്രകാരം 13500/- രൂപയ്ക്ക് മാത്രമേ അർഹതയുള്ളു. (18000*75%=13500). എന്നാൽ ഡി.ഡി നം.694017/24.3.16:8500/- രൂപ ഡി.ഡി നം. 697901/23.11.16:8500/- രൂപ എന്നിങ്ങനെ ആകെ 17000- രൂപ നൽകിയതായി കാണുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി തുക നൽകിയതിൻെറ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 3 ന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യം നിർമ്മിച്ച കിണർ പകുതിയായപ്പോൾ ഇടിഞ്ഞു പോയി എന്നും അതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സബ്സിഡി തുകയായ 8500/- രൂപ വീണ്ടും നൽകേണ്ടതായി വന്നതാണെന്നും അറിയിച്ചിരിക്കുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയ്ക്കനുസൃതമായി മാത്രം നടപ്പിലാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് വികസനഫണ്ട് ചെലവഴിച്ചു

പ്രോജക്ട് നം . Sooo6/17

പേര് - ആശ്രയ പദ്ധതി

അടങ്കൽ - വികസനഫണ്ട്(ജനറൽ) 840000/-

തനത് ഫണ്ട് - 275500/-

ബിൽ നം. ആശ്രയ ജനറൽSOOO6/17കിണർ നിർമ്മാണം/16.11.16:37500/-

ആശ്രയ ജനറൽSOOO6/17കിണർ നിർമ്മാണം/31.10.16:37500/-

ആശ്രയജനറൽSOOO6/17 വൈദ്യുതീകരണം/19.11.16:4000/-

ആശ്രയജനറൽSOOO6/17 വൈദ്യുതീകരണം/19.11.16:4000/-

project No.SOO6/17Ashrya scheme/31.1.17: 15000/-

project No.SOO6/17Ashrya scheme/21.217: 100000/-

project No.SOO6/17Ashrya scheme/21.2.17: 12500/-

project No.SOO6/17Ashrya scheme/28.2.17: 100000/-

project No.SOO6/17Ashrya scheme/6.3.17: 225000/-

project No.SOO6/17Ashrya scheme/15.3.17:100000/-

project No.SOO6/17Ashrya scheme/28.3.17: 100000/-

ഒരാൾക്ക് വസ്തു നൽകുന്നതിന് 2,25,000/- രൂപയും മൂന്നു പേർക്ക് ഭവനനിർമ്മാണത്തിന് 2,50,000/- രൂപ നിരക്കിൽ 75,000/- രൂപയും വീട് വൈദ്യുതീകരണത്തിന് രണ്ട് പേർക്ക് 4000/- രൂപനിരക്കിൽ 8,000/- രൂപയും ഭവന പുനരുദ്ധാരണം ഒരാൾക്ക് 12,500/- രൂപയും മൂന്ന് പേർക്ക് സാനിട്ടറി കക്കൂസ് നിർമ്മാണത്തിനായി 15,000/- രൂപ നിരക്കിൽ 45,000/- രൂപയും ആറ് പേർക്ക് 12,500 രൂപ നിരക്കിൽ കിണർ നിർമ്മാണത്തിന് 75,000/- രൂപയും ചേർത്ത് ആകെ 11,15,500/- രൂപ വകയിരുത്തിയിരുന്ന പ്രോജക്ടിൽ തനതു ഫണ്ടിൽ നിന്ന് യാതൊരു തുകയും ചെലവഴിക്കാതെ വികസനഫണ്ട് ജനറൽ നിന്ന് മാത്രമായി 7,35,500/- രൂപ മാത്രം ചെലവഴിച്ചു പദ്ധതി നടപ്പിലാക്കി. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്ന് വ്യതിചലിച്ച് വികസനഫണ്ട് മാത്രം ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം3(B)യ്ക്ക് നൽകിയ മറുപടിയിൽ 2017-18ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയിൽ വികസനഫണ്ടിൽ ബാക്കിയുള്ള1,00,000/-രൂപയും തനത് ഫണ്ടിൽ നിന്നും 2,00,000/-രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതി അടങ്കൽതുക പൂർണ്ണമായും ചെലവഴിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം തന്നെ തുകകൾ ചെലവഴിക്കേണ്ടതും വികസനഫണ്ടിൽ നിന്നു മാത്രം തുക ചെലവഴിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതുമാണ്.

## 3-17 പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ– പാരലൽ കോളേജ് വിദ്യാർത്ഥിയ്ക്കും ആനുകൂല്യം നൽകി

എ) പ്രോജക്ട് നം.SO139/17

പേര്-പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ

ബിൽ നം.-SO139/17/purchasing and distributing laptop/25.3.17- 459800/-

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാമാനദണ്ഡം അപേക്ഷകൻ പ്രൊഫഷണൽ പോളിടെക്നിക്ക് കോഴ്സുകളിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികൾ ആയിരിക്കണമെന്നും ഗവ. കോളേജുകളിൽ പഠിക്കുന്നവർ ആയിരിക്കണമെന്നും ആയിരുന്നു.

Adcom systems എന്ന സ്ഥാപനത്തിൽ നിന്ന് 19 ലാപ്പോപ്പ് 24200/- രൂപ നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിൽ പഠിക്കുന്നവർക്കും റഗുലർ വിദ്യാർത്ഥികൾ അല്ലാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു.

ശ്രീ ജ്യോതിഷ് . ജെ കോല്ലൂർ ചരുവിള വീട്,91, കോല്ലൂർ എന്ന കോളേജ് ഓഫ് ഇംഗ്ലീഷ് എന്ന ട്യൂട്ടോറിയൽ സ്ഥാപനത്തിൽ ബി.കോം കോഴ്സിന് പഠിക്കുന്ന വ്യക്തിയ്ക്കും ആനുകൂല്യം നൽകിയതായി കാണുന്നു. പദ്ധതിയ്ക്ക് വിരുദ്ധമായി റഗുലർ വിദ്യാർത്ഥി അല്ലാത്തആൾക്ക് ആനുകൂല്യം നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4(a)യ്ക്ക് നൽകിയ മറുപടിയിൽ റിവ്യൂ മീറ്റിംഗിൽ പ്ലാനിംഗ് ഓഫീസറിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും 2017-18വർഷത്തെ കാലയളവിൽപാരലൽ വിദ്യാർത്ഥികളെ ആനുകൂല്യത്തിന് ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉള്ളതിനാലും പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. 2016-17വർഷത്തെ പദ്ധതി നടത്തിപ്പിന് ബാധകമായ മാർഗ്ഗരേഖയിൽ മേൽ ആനുകൂല്യത്തിന് പാരലൽ കോളേജ് വിദ്യാർത്ഥികൾ അർഹരല്ലാത്തതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയ്ക്കനുസൃതമായി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ കൂടുതൽ തുക പ്രോജക്റ്റ് റിവൈസ് ചെയ്യാതെ ചെലവഴിച്ചു.

പ്രോജക്റ്റ് നം -S004/17

പേര് - സാനിട്ടറി കക്കൂസ് നിർമ്മാണം

ഫണ്ട് - സംസ്ഥാനാവിഷ്കൃതപരിപാടി : 240000/-

ODF ന്റെ ഭാഗമായി കക്കൂസ് നിർമ്മാണം പൂർത്തീയാക്കിയ ഇരുപത് പേർക്ക് 12000/-രൂപ നിരക്കിൽ 240000/-രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പദ്ധതിയിൽ ഇരുപത്തിയൊന്നു പേർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. എന്നാൽ പ്രസ്തുത പദ്ധതി റിവൈസ് ചെയ്യാതെയാണ് ഇപ്രകാരം തുക നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4(B)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ അക്കൗണ്ടിൽ ഓപ്പണിംഗ് ബാലൻസ് ഉണ്ടായിരുന്ന തുക ഒരു ഗുണഭോക്താവിന് നൽകിയെന്നും എന്നാൽ പ്രോജക്റ്റ് റിവൈസ് ചെയ്തപ്പോൾ ഓപ്പണിംഗ് ബാലൻസ് ഉണ്ടായിരുന്ന തുകയും അതിന്റെ ചെലവും ഉൾപ്പെടുത്താൻ വിട്ടുപോയതായും അറിയിച്ചിരിക്കുന്നു. പ്രോജക്റ്റ് റിവൈസ് ചെയ്യാതെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാനാവാത്തതിനാൽ അധികമായി ചെലവഴിച്ച 12000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-19 മരുന്ന് ലഭ്യമായില്ല തുക തടസ്സത്തിൽ വയ്ക്കുന്നു

1) നം : 173/16-17

പേര് : വയോജന ക്ഷേമം

അടങ്കൽ : 453548/-(വികസന ഫണ്ട്)

ബിൽ നം,തീയതി : 03/16-17, 27.03.17 453548/-

വയോജന ആരോഗ്യപരിപാലനം സംബന്ധിച്ച ബോധവൽകരണ ക്ലാസ്, രോഗ പരിശോധന,രോഗ നിർണ്ണയം അതിനാവശ്യമായ മരുന്ന് വാങ്ങൽ എന്നിവയാണ് പദ്ധതി ഉദ്ദേശ്യം.എന്നാൽ രോഗ പരിശോധന,രോഗ നിർണ്ണയം എന്നിവ ഇല്ലാതെ മരുന്നു വാങ്ങുന്നതിനായിട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇൻവോയിസ് 502/16-17 പ്രകാരം ലഭിക്കേണ്ട 453548/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2) നം : 14/16-17

പേര് :ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ : 600000/- (മെയിന്റനൻസ് ഫണ്ട്)

ഈ പ്രോജക്റ്റിൽ 147274/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല.

ആയതിനാൽ ക്രമ നം 1,2 എന്നിവ പ്രകാരം മുൻകൂറായി തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ

147274+453548 = 600822/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-20 മുൻകൂറായി തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല തടസ്സത്തിൽ വയ്ക്കുന്നു

നം : SO34/16-17

പേര് : ഹോമിയോ ആശുപത്രിക്ക് മരുന്നും പാക്കിംഗ് മെറ്റീരിയൽസും

അടങ്കൽ : 50000/- (മെയിന്റനൻസ് ഫണ്ട്)

ബിൽ നം, തീയതി : 1/16-17,21.03.17

പ്രോജക്ട് പ്രകാരം തുക ഹോംകോയ്ക്ക് നൽകിയെങ്കിലും (യൂക്കോ ബാങ്ക് ആലപ്പുഴയിലെ അക്കൗണ്ടിൽ) നൽകിയെങ്കിലും കൈപ്പറ്റ് രസീത്, മരുന്നുകൾ എന്നിവ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ഹോംകോയ്ക്ക് നൽകിയ50,000/- രൂപ മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യുന്നത് വരെ തടസ്സത്തിൽ വയ്ക്കുന്നു

## 3-21 പി.എച്ച്.സി.യിലേയ്ക്ക് മരുന്നുവാങ്ങൽ- തുക തടസ്സത്തിൽ

എ) പ്രോജക്ട് നം. SO061/17

പേര് - പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ
ബിൽ നം - Medicine purchase bill 2/17/15.2.17-100000/-
Medicine purchase 12/16/16.12.16-100000/-

Medicine purchase3/17/14.3.17-50000/-

ഇൻസുലിൻ, മരുന്ന് എന്നിവ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്തിരുന്ന പദ്ധതിയിൽ മേൽ ബിൽ പ്രകാരമുള്ള തുകകൾ കേരള മെഡിക്കൽ സർവീസ്സ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും 73,826/- രൂപയ്ക്കുള്ള മരുന്നു മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ. 1,76,174/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

ബി) പ്രോജക്ട് നം. S008/17

പേര് - പാലിയേറ്റീവ് പരിചരണം

Bill No.

Palliative kuddumba sangamam -10000/-

palliative training volunteers/14.3.17 -10000/-

palliative miscellaneous&pmc meeting/25.3.17-10000/-

palliative printing and stationary/14.3.17 -10000/-

palliative food allowance/25.3.17 -13320/-

palliative medicine purchase/18.3.17 -209060/-

palliative vehicle charge/15.2.17 -81000/-

palliative vehicle charge/25.3.17 -18750/-

palliative vehicle charge/28.2.17 -37500/-

palliative vehicle charge/29.3.17 -6750/-

fridge purchase/13.3.17 - 40655/-

palliative care nurse salary/16.11.16 -70000/-

palliative care nurse salary13.12.16 -10000/-

palliative care nurse salary/15.2.17 -10000/-

palliative care nurse salary/128.2.17 -10000/-

palliative care nurse salary/14.3.17 -10000/-

palliative care nurse salary/29.3.17 -10000/-

palliativemedicine/15.2.17 -200000/-

palliative food/29.3.17 -1680/-

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ palliative medicine/15.2.17-2,00,000, palliative medicine purchase/18.3.17-2,09,060 എന്നീ പ്രോജക്ടുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ സർവീസ്സ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ടെങ്കിലും 2,40,494/- രൂപയുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 1,68,566/- രൂപയുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ക്രമ നം 1,2 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ 3,44,740/- രൂപ മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യുന്നത് വരെ തടസ്സത്തിൽ വയ്ക്കുന്നു.

## 3-22 പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം- അവലോകനം

സഞ്ചയ

ഡിസ്ക്രിപ്പൻസി പൂർണ്ണമായും മാറ്റിയിട്ടില്ല.തെറ്റായിട്ടുള്ള ഫോർമാറ്റിൽഎൻട്രി ചെയ്യുമ്പോൾ ആ ഡീറ്റെയിൽസ് ഇറർ മെസേജ് കാണിക്കാതെ സേവ് ആകുന്നു. സഞ്ചയയിൽ അഡ്വാൻസായി കാണിക്കുന്ന ടാക്സ് സാംഖ്യയിൽ കറണ്ട്കളക്ഷനായി മാറ്റുന്നതിന് നിലവിൽ ഐ.കെ.എം ഒരു അപ്ഡേഷനും വരുത്തിയിട്ടില്ല. അരിയർ/ ഡിമാന്റ് സാംഖ്യയിലും സഞ്ചയയിലും കറക്ടാകുന്നില്ല. നിലവിൽ സഞ്ചയ സോഫ്റ്റ് വെയറിൽ എല്ലാ കെട്ടിടങ്ങളും ഫോം 6 ൽ ചെയ്ത് സെക്രട്ടറി അപ്രൂവ് ചെയ്തതിനു ശേഷവും ബെയിസ് ഡേറ്റയിൽ 7610 കെട്ടിടങ്ങൾ ഫോം 6 ചെയ്യാതെ ഡ്യൂപ്ലിക്കേഷൻ വന്ന് കിടക്കുന്നു.

സേവന സിവിൽ രജിസ്ട്രേഷൻ

മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ കൂടി എൻട്രി നടത്താനുള്ള പ്രൊവിഷൻ ഇല്ലാത്തതിനാൽ സേവന പെൻഷനുമായി ഇന്റഗ്രേഷൻ വരുമ്പോൾ മരിച്ചവരെ ഒഴിവാക്കുവാൻ കഴിയുന്നില്ല.

സചിത്ര

ആസ്തി എൻട്രി ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയർ അപ്ഡേഷൻ ഒന്നും നടത്തുന്നില്ല. നിലവിലുള്ള ആസ്തിയുടെ വിവരം സെർച്ച് ചെയ്ത് കണ്ടുപിടിക്കുന്നതിനുള്ള ഓപ്ഷൻ ഇല്ല.

ഐ.കെ.എം ന്റെ നിലവിലുള്ള എല്ലാ സോഫ്റ്റ്വെയറിന്റെയും ഇന്റഗ്രേഷൻ പൂർത്തിയാകാത്തതിനാൽ ജീവനക്കാർക്ക് ഒരു ജോലി തന്നെ ഒന്നിലധികം തവണ ചെയ്യേണ്ടിവരുന്നു. നിലവിൽ സങ്കേതം സോഫ്റ്റ് വെയറിൽ ചെയ്യുന്ന കാര്യങ്ങൾ സൂചിക ബാക്ക് ഓഫീസിലും സഞ്ചയ സോഫ്റ്റ് വെയറിലും ചെയ്യേണ്ടിവരുന്നു. സങ്കേതം സോഫ്റ്റ് വെയറിൽ ജനറേറ്റ് ചെയ്യുന്ന ഡിമാന്റ് നമ്പർ ഉപയോഗിച്ച് അപേക്ഷകന് ഫ്രണ്ട് ഓഫീസിൽ ഫീസ് അടയ്ക്കുന്നതിന് കഴിയാത്തതിനാൽ അതിനു വേണ്ടി വീണ്ടും ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടി വരുന്നു.

## 3-23 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 4617 |

| | |
|---|---|
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2783 |
| 2016-17സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2783 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 418 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 418 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 1 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 210 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 170 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 170 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 156849 |
| ലേബർ കംമ്പോണന്റ് | 49149000 |
| ആകെ വരവ് | 51095000 |
| ആകെ ചെലവ് | 51015283 |

## 3-24 ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി അടിസ്ഥാന സൗകര്യം

നൽകി സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ആശ്രയപദ്ധതിയുടെ 2016-17 വർഷത്തെ കണക്കുകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2016-17 വരെ ഭവന നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 3 |
| ചെലവഴിച്ച തുക | 600000 |
| 2016-17 വരെ ഭവന പുനരുദ്ധാരണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 8 |
| ചെലവഴിച്ച തുക | 200000 |
| 2016-17 വരെ ശുചിത്വ കക്കൂസ് നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 3 |
| ചെലവഴിച്ച തുക | 45000 |
| 2016-17 വരെ കുടിവെള്ള കിണർ നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 15 |
| ചെലവഴിച്ച തുക | 347500 |
| 2016-17 വരെ ചികിത്സാ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| പദ്ധതിക്കായി നൽകിയ വികസന ഫണ്ട് | 2783500 |
| കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച ചലഞ്ച് ഫണ്ട് | 33333 |

## 3-25 അംഗൻവാടി പ്രവർത്തനം- അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 40 അങ്കണവാടികളിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (ICDS സൂപ്പർവൈസറുടെ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയത്)

| ക്രമ നം. | സെന്റർ നം | അംഗൻ വാടിയുടെ പേര് | കുട്ടികളുടെ എണ്ണം | കെട്ടിടം (സ്വന്തം/ സൗജന്യം/ വാടക) | കുടിവെള്ള സൗകര്യം (ഉണ്ട്/ഇല്ല) ഉണ്ടെങ്കിൽ കിണർ/ടാപ്പ് കണക്ഷൻ ആണോ എന്നും രേഖപ്പെടുത്തുക | വൈദ്യുതി (ഉണ്ട് / ഇല്ല) | ഗ്യാസ് (ഉണ്ട്/ ഇല്ല) | ചുറ്റുമതിൽ (ഉണ്ട്/ ഇല്ല) | 2016-17 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ ( ഉണ്ട് / ഇല്ല) |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 30 | കൈപ്പറ്റിമുക്ക് | 23 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | 31 | ടോൾമുക്ക് | 14 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | 32 | പരുത്തി | 5 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | 33 | പാറയിൽ | 8 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | 34 | പെരുമ്പള്ളിക്കോണം | 16 | സ്വന്തം | കുഴൽക്കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | 35 | കല്ലിൻമൂട് | | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | 36 | പള്ളിയറ | | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | 37 | നെടുമ്പറമ്പ് | 13 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | 38 | മാമ്പള്ളിക്കോണം | 10 | സ്വന്തം | റോഡ് പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | 39 | കസരത്ത് കുന്ന് | 11 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11 | 40 | പൊലിമ കുഴി | 8 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | 41 | കുന്നിക്കോട്ട് കോണം | | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 | 42 | വാസുദേവപുരം | | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14 | 43 | അയിലം | | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | 44 | അതിർത്തിമുക്ക് | | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | 45 | കാട്ടുചന്ത | 8 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17 | 46 | കട്ടയ്ക്കര | 6 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 18 | 47 | പിരപ്പൻകോട്ട് കോണം | | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 19 | 48 | പാറയടി | | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 20 | 49 | പട്ടകോണം | 7 | വാടക | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 21 | 50 | പൊയ്കമുക്ക് | 10 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 22 | 51 | ചാമവിള | 7 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 23 | 52 | പേരൂർക്കോണം | 13 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 24 | 53 | വരവിള | 13 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 25 | 54 | പരിത്തൂർ | 5 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 26 | 55 | ചെമ്പൂർ | 18 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 27 | 56 | ചേമ്പിൻകുഴി | 6 | സ്വന്തം | കുഴൽക്കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 28 | 57 | കല്ലുവിള | 6 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 29 | 58 | കുളക്കോട് | 10 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 30 | 59 | വാളക്കാട് | 6 | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 31 | 60 | കോളൂർ | 13 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 32 | 61 | തേമ്പ്രകോണം | 6 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 33 | 62 | ഊരൂപൊയ്ക | 10 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 34 | 63 | അലയിൻ മുക്ക് | 8 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 35 | 64 | ആനൂപ്പാറ | 20 | സ്കൂൾ | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 36 | 65 | മങ്കാട്ടുമൂല | 8 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 37 | 66 | പറങ്ങമല | 6 | സ്വന്തം | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 38 | 67 | കോരാണി | 13 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 39 | 68 | ചുളനട | 6 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 40 | 69 | പുകയില തോപ്പ് | 14 | കമ്മ്യൂണിറ്റി ഹാൾ | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,00,000- | 132/16-17, ബഡ്സ് സ്കൂളിലെ വാഹന വാടക | 70952/- | 29048/- |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| ജി.ഡബ്ല്യു.ഡി | അയിലം മൈവള്ളി 41ാം നമ്പർ അംഗൻവാടി നിർമ്മാണം | 195000/- | 195000/- | 0 |
| കെഎസ്ഇബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ നീട്ടൽ | 1880337/- | 910317/- | 970020/- |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ നീട്ടൽ | 4970663/- | 1481000/- | 3489663/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/വൗച്ചർ നം | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2016-17 | ഉദ്ദേശ്യം | നിശ്ചിത | വിനിയോഗിക്കാന | ഉദ്ദേശ്യലക്ഷ്യം |
|---|---|---|---|---|

| ൽ ലഭിച്ച വായ്പ | | കാലാവധിയിൽ ചെലവഴിച്ച തുക | വശേഷിക്കുന്നത് | നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

2016-17 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നിരതദ്രവ്യം | ഇല്ല |
| സെക്യേർഡ് ഡിപ്പോസിറ്റ് | ഇല്ല |
| റിടെൻഷൻ തുക | ഇല്ല |
| മറ്റുള്ളവ | ഇല്ല |
| ആകെ | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 3(1) | 9728 | സത്യനാഥ്,എ.ഇ , എൽ. എസ്.ജി.ഡി | 11608100028 / 2.4.2016 |
| 2 | 2012-13 | 3(1) | 9728 | അശോക് കുമാർ, എഎക്സി | 11608100519 / 6.4.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81137120 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66586396 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6004888 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |
| | | |
| | | |

(സി) ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

(ഡി) സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.5 | 5000 | സെക്രട്ടറി |
| 3.10 | 100000 | മെഡിക്കൽ ഓഫീസർ |
| 3.11 | 53854 | മെഡിക്കൽ ഓഫീസർ |
| 3.12 | 122204 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3.14 | 4716268 | സെക്രട്ടറി |
| 3.18 | 12000 | അസിസ്റ്റന്റ് സെക്രട്ടറി |
| 3.19 | 600822 | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3.20 | 50000 | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3.21 | 344740 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ആകെ | 6004888 | |

(എഫ്) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.റ്റി.ഡി.ജി.പി8/4/2002/തീയതി 21.06.2014 | 3 |
| 2001-2002 | | |
| 2002-2003 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 955/2004 തീയതി 21.06.2014 | 3 |
| 2003-2004 | എൽ.എഫ്.റ്റി.ഡി.ജി.പി8/214 /06തീയതി 21.06.2016 | 4 |
| 2004-2005 | എൽ.എഫ്.റ്റി.ഡി.ജി.പി8/1084/2008 തീയതി 21.06.2016 | 2 |
| 2005-2006 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 1085 /08തീയതി21.06.2016 | 1 |
| 2006-2007 | എൽ.എഫ്.റ്റി.ഡി.ജി.പി8/297/09 തീയതി21.06.2016 | 5 |
| 2007-2008 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 1087/09തീയതി21.06.2016 | 9 |
| 2008-2009 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 1321/2010 തീയതി21.06.2016 | 6 |
| 2009-2010 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 709/12 തീയതി21.06.2016 | 4 |
| 2010-2011 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 710/12 തീയതി 21.06.2016 | 6 |
| 2011-2012 | എൽ.എഫ്.റ്റി.ഡി.ജി.പി8/4/ 2002തീയതി11.11.13 | 7 |
| 2012-2013 | എൽ.എഫ്.റ്റി.ഡി.ജി.പി8/136/14 തീയതി 08.07.14 | 6 |
| 2013-2014 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 192/16 തീയതി 10.02.16 | 7 |
| 2014-2015 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /952/16 തീയതി30.06.16 | - |
| 2015-16 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /1918/16 തീയതി04.11.16 | 15 |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12ലെ നമ്പർ 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകൾ</u>

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴുവൻ ആസ്തി ബാദ്ധ്യതകൾ വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2) വസ്തു നികുതി വരവ് ചെലവുകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കൃത്യപ്പെടുത്തിയിട്ടില്ല.

3) ഖണ്ഡിക 1.5ൽ പ്രതിപാദിച്ചിട്ടുള്ള ന്യൂനതകൾ കാണുക.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്